(എ) പ്രാഥമിക സഹകരണബാങ്കുകൾ ചെറുകിട സമ്പാദ്യ പദ്ധതിയുടെ പേരിൽ ട്രഷറികളിൽ തുക നിക്ഷേപിക്കണമെന്ന് സഹകരണവകുപ്പുദ്യോഗസ്ഥർ പ്രാഥമിക സഹകരണബാങ്ക് അധികൃതരുടെ യോഗം വിളിച്ചുകൂട്ടി നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഓരോ ജില്ലയിൽനിന്നും ഇപ്രകാരം എന്തുതുക സമാഹരിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത് ;

(സി) പ്രാഥമിക സഹകരണബാങ്കുകൾ ഇപ്രകാരം ചെറുകിട സമ്പാദ്യ പദ്ധതിയിൽ നിക്ഷേപിക്കുന്നപക്ഷം പ്രാഥമിക ബാങ്കിലെ നിക്ഷേപകർ ആവശ്യപ്പെടുന്നമുറയ്ക്ക് എപ്രകാരം തുക തിരികെ കൊടുക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(ഡി) അവയ്ക്ക് ലോൺ നൽകുവാനുള്ള കഴിവും ഇതുമൂലം കുറയുവാനിടയാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന് എന്തു പരിഹാരം കാണാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ വിളിച്ചു കൂട്ടുന്ന പ്രാഥമിക സഹകരണ സംഘം ഭാരവാഹികളുടെ യോഗങ്ങളിൽ നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ്, കിസാൻ വികാസ് പത്ര് മുതലായ ദേശീയ സമ്പാദ്യ പദ്ധതി, ട്രഷറി സ്മാൾ സേവിംഗ്സ്, ഫിക്സഡ് സർട്ടിഫിക്കറ്റ് തുടങ്ങിയ പദ്ധതികളിൽ കഴിയുന്നത്ര തുക നിക്ഷേപിക്കുവാൻ അഭ്യർത്ഥിക്കാറുണ്ട്.

(സി) മിച്ച ധനമുള്ള പ്രാഥമിക സഹകരണബാങ്കുകൾ അവരുടെ മിച്ചധനം ലാഭകരമായി സമ്പാദ്യ പദ്ധതികളിൽ നിക്ഷേപിക്കുന്നത് സംഘം പ്രവർത്തനത്തെയോ നിക്ഷേപകരുടെ താൽപര്യത്തെയോ ദോഷകരമായി ബാധിക്കുകയില്ല. സഹകരണ നിയമവും ചട്ടങ്ങളും പ്രകാരം നിക്ഷേപത്തിലെ ധനം സൂക്ഷിക്കാൻ വായ്പാ സംഘങ്ങൾ ബാദ്ധ്യസ്ഥരുമാണ്.

(ഡി) മിച്ചധനമാണ് ബാങ്കുകൾ നിക്ഷേപിക്കുന്നത്.

കാർഷിക സഹകരണബാങ്കുകളുടെ പണം ട്രഷറിയിൽ നിക്ഷേപിക്കണമെന്ന വ്യവസ്ഥ

103 (943) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൈമറി കാർഷിക സഹകരണബാങ്കുകളുടെ പണം ആറര വർഷത്തേയ്ക്ക് സ്ഥിര നിക്ഷേപമായി ട്രഷറിയിൽ നിക്ഷേപിക്കുവാൻ സഹകരണ വകുപ്പ് ഉദ്യോഗസ്ഥൻമാർ നിർബന്ധിച്ചുവരുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് ഉദ്യോഗസ്ഥൻമാർക്ക് ഗവൺമെന്റ് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) ട്രഷറി സ്മാൾ സേവിംഗ്സ് ഫിക്സഡ് ഡിപ്പോസിറ്റ് സർട്ടിഫിക്കറ്റ് പദ്ധതികൾ കഴിയുന്നത്ര തുക നിക്ഷേപിക്കുവാൻ സഹകരണ സംഘങ്ങളുടെ യോഗങ്ങളിൽ സഹകരണവകുപ്പ് ഉദ്യോഗസ്ഥൻമാർ അഭ്യർത്ഥിക്കാറുണ്ട്.

കോഴിക്കോടുള്ള സഹകരണ വകുപ്പിന്റെ പഴയ ഓഫീസ് കെട്ടിടം

104 (945) ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് സഹകരണ വകുപ്പിന്റെ അധീനതയിലുള്ള പഴയ ഓഫീസ് കെട്ടിടം സംരക്ഷിക്കുവാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത കെട്ടിടം ഇപ്പോൾ ജീർണ്ണാവസ്ഥയിലാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഈ കെട്ടിടം സംരക്ഷിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോഴിക്കോട്, സഹകരണ ജോയിന്റ് രജിസ്ട്രാർ ഓഫീസ് പ്രവർത്തിച്ചുവന്നിരുന്ന പഴയ കെട്ടിടം പുതുക്കി പണിയുന്നതിന് എസ്റ്റിമേറ്റും പ്ലാനും പൊതുമരാമത്തു വകുപ്പ് കെട്ടിട വിഭാഗം തയ്യാറാക്കിവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കോട്ടയം ജില്ലാ സഹകരണബാങ്ക്

105 (946) ശ്രീ. എ. കെ. മണി :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലാ സഹകരണ ബാങ്ക് ഏറ്റവും ഒടുവിൽ അംഗീകരിച്ച ബാലൻസ്ഷീറ്റ് അനുസരിച്ച് ലാഭമോ നഷ്ടമോ എന്ന് വെളിപ്പെടുത്തുമോ ;

(ബി) നഷ്ടമാണെങ്കിൽ അതിനുള്ള കാരണങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ബാങ്കിന് പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക എത്രയാണ് ;

(ഡി) ഇത് പിരിച്ചെടുക്കുവാൻ എന്തെല്ലാം നടപടി സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly